(6) കോഴിക്കോട് എഫ്.സി.ഐ. ഗോഡൗണിലെ സമരം

ശ്രീ. സി. മൊയിൻകുട്ടി : സർ, കോഴിക്കോട് വെസ്റ്റ് ഹിൽ എഫ്.സി. ഐ. ഗോഡൗണിൽ നിലവിലുള്ള സമരം കാരണം ഉളവായിട്ടുള്ള സ്തംഭനാവസ്ഥയാണ് എനിക്ക് സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്. 1999 ജൂൺ മാസം 11-ാം തീയതി മുതൽ അവിടത്തെ 268 തൊഴിലാളികൾ സമരത്തിലാണ്. ഡയറക്ട് പേയ്മെന്റ് സിസ്റ്റം നടപ്പിലാക്കാൻ വൈമുഖ്യം കാണിക്കുന്നതാണ് ഈ സ്തംഭനാവസ്ഥയ്ക്ക് കാരണം. 45,000 ടൺ ഭക്ഷ്യധാന്യമാണ് അവിടെ കെട്ടിക്കിടക്കുന്നത്. ഏകദേശം 10,000 ടൺ ഗോതമ്പ് മഴയും വെയിലുംകൊണ്ട് ഗോഡൗണിന്റെ പുറത്ത് കിടക്കുകയാണ്. എഫ്.സി.ഐ. ഗോഡൗണിൽ 1998 ജൂൺ 11 -നാണ് എഗ്രിമെന്റിന്റെ കാലാവധി അവസാനിച്ചിട്ടുള്ളത്. ഒരു കൊല്ലമായി അവിടെ ഒരു ബദൽ സംവിധാനമില്ല; ഒരു നടപടിയുമില്ലായെന്നുള്ളതാണ് സത്യം. 1996-ൽ കേരളത്തിൽ ഭൂരിപക്ഷം പ്രദേശങ്ങളിലും ഡയറക്ട് പേയ്മെന്റ് സിസ്റ്റം നടപ്പിലാക്കി. ഇവിടെ ഒരു വർഷമായിട്ടും ഈ കാര്യത്തിൽ ഗവൺമെന്റ് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ ഗവൺമെന്റ് വളരെ ഗൗരവമായി ഇടപെട്ട് ഈ പ്രശ്നം പരിഹരിക്കണമെന്ന് അപേക്ഷിക്കുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : കോഴിക്കോട് ഫുഡ് കോർപ്പറേഷൻ ഗോഡൗണിലെ തൊഴിലാളികൾ ഇന്ന് സമരത്തിലാണ്. ഡയറക്ട് പേമെന്റ് നടപ്പിലാക്കുന്നത് സ്റ്റേറ്റ് ഗവൺമെന്റിന്റെ നിയന്ത്രണത്തിലല്ല. സ്റ്റേറ്റ് ഗവൺമെന്റ് ഇതിനുവേണ്ടി ധാരാളം പരിശ്രമം നടത്തുന്നുണ്ട്. രണ്ടുമൂന്നുദിവസം മുമ്പ് പുതിയ സോണൽ മാനേജരും ഞാനുമായി സംഭാഷണം നടത്തി ഉടനേതന്നെ അവിടെ ഡയറക്ട് പേയ്മെന്റ് സിസ്റ്റം നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. പക്ഷേ ഫുഡ് കോർപ്പറേഷൻ ഇതുവരെ അവിടെ ഡയറക്ട് പേമെന്റ് സിസ്റ്റം നടപ്പാക്കിയിട്ടില്ല. അവർ സമരത്തിലാണ്. അവർക്ക് ഡയറക്ട് പേയ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്ന കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് ശക്തമായി അവരെ പിന്തുണയ്ക്കുന്നുണ്ട്. അവിടെ പൊതുവിതരണത്തിന് യാതൊരു തടസ്സവും നേരിട്ടില്ല. 19.6.1999 മുതൽ മൊത്ത വ്യാപാരികൾക്ക് കോഴിക്കോട് റെയിൽവേ ഗുഡ്സ് ഷെഡ്ഡിൽ നിന്ന് നേരിട്ട് ഭക്ഷ്യധാന്യങ്ങൾ എത്തിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് 19.6.1999 മുതൽ 30.6.1999 വരെ 4430 മെട്രിക് ടൺ അരിയും 7.7.1999-ൽ 800 മെട്രിക് ടൺ അരിയും നൽകി. തുക അടച്ചിട്ടുള്ളതിൽ 400 മെട്രിക് ടൺ അരി മാത്രമേ കൊടുക്കാനുള്ളൂ. അരി വിതരണത്തിന് യാതൊരു കുഴപ്പവും പറ്റിയിട്ടില്ല. റെയിൽവേ ഗുഡ്സ് ഷെഡ്ഡിൽ നിന്ന് എടുത്തുകൊടുക്കുകയാണ് ചെയ്യുന്നത്. ഗോഡൗണിൽ അരി കെട്ടിക്കിടക്കുന്നുവെന്ന് പറയുന്നത് ശരിയാണ്. അത് നീക്കം ചെയ്യണമെങ്കിൽ അവരുടെ സമരം തീർത്തെങ്കിൽ മാത്രമേ സാധിക്കുകയുള്ളൂ. തൊഴിലാളികൾക്ക് ഇക്കാര്യം അറിയാവുന്നതാണ്. സംസ്ഥാന ഗവൺമെന്റ് മാത്രമായി ചെയ്യാവുന്ന ഒരു കാര്യമല്ല. എങ്ങനെയെങ്കിലും സമ്മർദ്ദം ചെലുത്തി എഫ്.സി.ഐ. യെക്കൊണ്ട് ഇത് സമ്മതിപ്പിക്കുന്നതിന് ഗവൺമെന്റ് പരിശ്രമിക്കുന്നുണ്ട്.

(7) വർക്കല നിയോജകമണ്ഡലത്തിലെ പുറമ്പോക്കിൽ താമസിക്കുന്നവർക്ക് കൈവശഭൂമി പതിച്ചു കൊടുക്കൽ

ശ്രീ. എ. അലി ഹസ്സൻ : പലപ്പോഴും ഇവിടെ ചർച്ചാവിഷയമായ ഒരു സുപ്രധാന പ്രശ്നമാണ് ഞാൻ ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് പ്രത്യേകിച്ച് വർക്കല നിയോജകമണ്ഡലത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

റോഡ് പുറമ്പോക്കിലും കനാൽ റവന്യൂ പുറമ്പോക്കുകളിലും വീട് വച്ച് ദേഹ ണ്ഡങ്ങൾ നടത്തി വർഷങ്ങളായി താമസിക്കുന്ന നിരവധി കുടുംബങ്ങൾ ഉണ്ട്. ഇവരിൽ അധികം പേരും ഒരിഞ്ച് ഭൂമിപോലും സ്വന്തമായി ഇല്ലാത്ത പാവപ്പെട്ട കർഷകത്തൊഴിലാളികളും മത്സ്യത്തൊഴിലാളികളുമാണ്. ഇവരിൽ റവന്യൂ പുറമ്പോക്കിലുള്ളവർക്ക് ഭൂമി പതിച്ചുകൊടുക്കുന്നതിന് നിരവധി പ്രവർത്തനങ്ങൾ നടന്നുവരുകയാണ്; എന്നാൽ കനാൽ പുറമ്പോക്കിലും റോഡ് പുറമ്പോക്കിലും താമസിക്കുന്നവർക്ക് ഭൂമി പതിച്ചുകൊടുക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അവിടത്തെ വികസന പ്രവർത്തന ങ്ങൾക്ക് ഒരു കുഴപ്പവും വരാത്ത രീതിയിൽ ഇവർക്ക് ഭൂമി പതിച്ചു കൊടുക്കു ന്നതിനും അതിന് സാധിക്കാതെവന്നാൽ അവരെ പുനരധിവസിപ്പിക്കുന്ന തിനും അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : റോഡ്-കനാൽ പുറ മ്പോക്കിൽ താമസിക്കുന്നവർക്ക് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ചില നിബന്ധനകൾക്ക് വിധേയമായി കൈവശരേഖ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിൽത്തന്നെ പട്ടയം കൊടുക്കാൻ കഴിയുന്ന പ്രദേശങ്ങ ളാണെന്ന് ബോദ്ധ്യമായാൽ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിൽനിന്നും അനുമതി ലഭിച്ച ശേഷം പട്ടയം നൽകുന്നതാണ്. റവന്യൂ പുറമ്പോക്കിൽ താമസിക്കുന്ന മുഴുവൻ പേർക്കും കൈവശരേഖയും പട്ടയവും നൽകുന്നതിനുള്ള നടപടി കൾ പൂർത്തിയാക്കിവരുകയാണ്; എല്ലാ സ്ഥലങ്ങളിലും നടപടികൾ നടന്നു കൊണ്ടിരിക്കുകയാണ്. വർക്കലയിലും അതിന്റെ നടപടികൾ ഇപ്പോൾ ആരം ഭിച്ചിട്ടുണ്ട്. എന്നാൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡ് പുറമ്പോക്ക് പതിച്ചുകൊടുക്കാനും പാട്ടത്തിന് കൊടുക്കാനും പാടില്ല എന്ന് ഒരു നിയമം ഉണ്ട്. അതുകൊണ്ട് അത് കൊടുക്കുന്നതിന് കുറച്ച് പ്രയാസമുണ്ട്. കോടതിയും ഇത്തരം കാര്യങ്ങളിൽ ചില നിബന്ധനകൾ മുന്നോട്ടുവച്ചിട്ടുണ്ട്. ഹൈക്കോടതി തന്നെ 12.8.1997-ൽ ഒരു ഉത്തരവ് പ്രകാരം റോഡ് പുറമ്പോക്ക് പതിച്ചുകൊടുക്കാൻ പാടില്ല എന്ന് പറഞ്ഞിട്ടുണ്ട്. അതു കൊണ്ടാണ് കുറെ പ്രദേശങ്ങളിൽ ഭൂമി പതിച്ചുകൊടുക്കാൻ ഗവൺമെന്റിന് ഇപ്പോഴും കഴിയാതെ വന്നത്. പുനരധിവാസത്തിന് റവന്യൂ വകുപ്പിൽ പദ്ധതി യൊന്നുമില്ല. ഭവന നിർമ്മാണ വകുപ്പാണ് അവരുടെ കാര്യങ്ങൾ നിർവ്വഹിച്ചു കൊണ്ടിരിക്കുന്നത്. റോഡ് പുറമ്പോക്കിൽ താമസിക്കുന്ന പട്ടയം നൽകാൻ കഴിയാത്തവരെ പുനരധിവസിപ്പിക്കുന്ന കാര്യം ഭവനനിർമ്മാണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും പരിഹാരമുണ്ടാക്കാൻ അവരുമായി ചർച്ച നടത്തു കയും ചെയ്യുന്നതാണ്.

(8) പ്രൊഫഷണൽ സ്ഥാപനങ്ങളിൽ വിദ്യാർത്ഥി പ്രവേശനത്തിനുള്ള സ്പോർട്സ് കോട്ട വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : ആധുനിക ലോകത്തിന്റെ ഭാഗമായി കേരളം അടുത്ത നൂറ്റാണ്ടിലേയ്ക്ക് നീങ്ങുന്നതിന് തയ്യാറെടുക്കുമ്പോൾ പുതിയ നിരവധി എഞ്ചിനീയറിംഗ് കോളേജുകളും പ്രൊഫഷണൽ പഠന കേന്ദ്രങ്ങളും ഗവൺമെന്റ് മേഖലയിലും സഹകരണ മേഖലയിലും ആരംഭി ക്കുകയാണല്ലോ. വിദ്യാഭ്യാസ മേഖലയിലൂടെ കായികതാരങ്ങളെ ഇൻഡ്യക്ക് സംഭാവന നൽകുന്ന മഹത്പാരമ്പര്യം കേരളത്തിന് അർഹതപ്പെട്ടതാണ്. ലോകനിലവാരമുള്ള കായികപ്രതിഭകളെ വളർത്തിയെടുക്കാൻ ഇന്ത്യയിലെ

LIBRARY ARCHIVES Kerala Legislative Assembly